**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** | **12-02-2025 - ൽ മറുപടിയ്ക്ക്**

**'എന്റെ കേരളം എത്ര സുന്ദരം' ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച 'എന്റെ കേരളം എത്ര സുന്ദരം' ക്യാമ്പയിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് 'എന്റെ കേരളം എന്നും സുന്ദരം'.<br><br>പ്രസ്തുത ക്യാംപെയിനിന്റെ ഭാഗമായി MC Couper, Arya Dayal, Gowri Lakshmi എന്നിവർ അവതരിപ്പിച്ച മ്യൂസിക് വീഡിയോ പുറത്തിറക്കി. ക്യാംപെയിനിന്റെ സന്ദേശം സോഷ്യൽ മീഡിയ പേജുകളിലൂടെ പ്രചരിപ്പിക്കുന്നതിൽ പ്രസ്തുത വീഡിയോ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ക്യാംപെയിനിന്റെ ഭാഗമായി കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള ഇൻഫ്ലുവൻസേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് വയനാട്ടിൽ ഇൻഫ്ലുവൻസേഴ്സ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. വയനാടിന്റെ വിവിധ ആകർഷണങ്ങൾ തങ്ങളുടെ സോഷ്യൽ മീഡിയ പേജുകൾ വഴി പ്രചരിപ്പിക്കുന്നുണ്ട്.<br><br>വിവിധ സോഷ്യൽ മീഡിയ പേജുകളുമായി ചേർന്ന് ക്യാംപെയിനിന്റെ മ്യൂസിക് വീഡിയോ പ്രചരിപ്പിക്കുന്നതിനും ക്യാംപെയിനിന്റെ ഔദ്യോഗിക ഗാനം ഉപയോഗിച്ച് അവരവരുടെ ജില്ലകളുടെ വീഡിയോകൾ നിർമ്മിച്ച് പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികളും പുരോഗമിച്ച് വരുന്നു. സെലിബ്രിറ്റി സോഷ്യൽ മീഡിയ വീഡിയോസ് പുറത്തിറക്കൽ, രണ്ട് ദിവസത്തെ ട്രൈബൽ ഫെസ്റ്റിവൽ, FM, തീയേറ്റർ എന്നിവ വഴിയുള്ള പ്രചരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ക്യാംപെയിനിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോ പുറത്തിറക്കൽ, വയനാട്ടിലെ ഇൻഫ്ലുവൻസേഴ്സ് മീറ്റ്, സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണം എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദേശ വിനോദസഞ്ചാരികളെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വിവിധ പ്രചാരണ പദ്ധതികളുടെ ഫലമായി കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. കാരവൻ ടൂറിസം, ഹെലിടൂറിസം തുടങ്ങിയ നൂതനമായ ടൂറിസം ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തി. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയയുടെ പ്രയോജനം ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും രൂപം നൽകി നടപ്പാക്കിവരുന്നു.<br><br>പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷങ്ങളായി നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വിദേശടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം നടത്തുകയുണ്ടായി. മലബാർ റിവർഫെസ്റ്റിന്റെ ഭാഗമായി നടത്തിയ വാട്ടർ കയാക്കിംഗ് മത്സരങ്ങളിൽ ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയരായ കയാക്കർമാർ പങ്കെടുക്കുകയുണ്ടായി.<br><br>പ്രശസ്ത സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സിനിമ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രകൃതിസുന്ദരമായ ഒട്ടേറെ സ്ഥലങ്ങൾ വിവിധ സിനിമകളുടെ ഭാഗമായിട്ടുണ്ട്. |

ഇത്തരം സ്ഥലങ്ങൾ വിനോദസഞ്ചാര പ്രദേശങ്ങളായി അടയാളപ്പെടുത്തുവാനും തൽഫലമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമാണ് സിനിമാ ടൂറിസം മുഖേന ലക്ഷ്യമിടുന്നത്.

ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ് - പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ, തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനസർക്കാർ, കെ.ടി.ഡി.സി. മുതലായവ മുഖേന നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണം എന്ന് നിഷ്കർഷിക്കാറുണ്ട്. സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ കുസിൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി. മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നമ്മുടെ നാടിന്റെ തനത് രുചി വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന ബ്രോഷറുകൾ പുറത്തിറക്കിയിട്ടുമുണ്ട്.

മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തിവരുന്നു. വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

വിദേശസഞ്ചാരികളെ ലക്ഷ്യമിട്ട് വിവിധ അന്താരാഷ്ട്ര ടൂറിസം വിപണനമേളകളിൽ വകുപ്പ് പങ്കെടുത്ത് വരുന്നു. ഇതിന്റെ ഭാഗമായി വേൾഡ് ട്രാവൽ

| | | | |
|---|---|---|---|
| | | | മാർക്കറ്റ് ലണ്ടൻ, ഫിത്തൂർ, മാഡ്രിഡ്, സ്പെയിൻ എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും, ഫ്രാങ്ക്ഫർട്ട്, മ്യൂനിക്, ബാർസെലോണ, മിലാൻ, സിഡ്നി, മെൽബൺ, കോലാലംപൂർ തുടങ്ങിയ പ്രധാന നഗരങ്ങളിൽ B2B Meet -കൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ITB Berlin, MITT Moscow, എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും ലണ്ടൻ, പാരീസ്, മോസ്കോ, സെന്റ് പീറ്റേഴ്സ് ബർഗ് എന്നീ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായാണ് ഇത്തരം മേളകളിൽ പങ്കെടുത്ത് വരുന്നത്.കൂടാതെ OOH (Out Of Home) പ്രചാരണത്തിന്റെ ഭാഗമായി ലണ്ടൻ ഹിത്രു എയർപോർട്ട്, വെസ്റ്റ് ഫീൽഡ് മാൾ (Westfield Mall) തുടങ്ങിയ സ്ഥലങ്ങളിൽ പരസ്യ പ്രചാരണം നടത്തുകയുണ്ടായി.<br><br>കേരളത്തിലേക്ക് വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിന് ഇത്തരത്തിലുള്ള വിവിധങ്ങളായ ഫലപ്രദമായ പ്രചാരണ പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ